(ഡി) ഡി. ഫാം കോഴ്സിന് സ്വകാര്യ ഫാർമസി കോളേജുകൾ ഏർപ്പെടുത്തിയിട്ടുള്ള ഫീസിന്റെ ന്യായാന്യായങ്ങളാണ് പാഠ്യവിഷയം.

(ഇ) രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം

134 [3834] *ശ്രീ. കെ. മോഹൻകുമാർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹരോഗ നിയന്ത്രണത്തിനും ഗവേഷണത്തിനും വേണ്ടി ആരംഭിക്കാമെന്നറിയിച്ചിരുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനം ഇപ്പോൾ ഏതവസ്ഥയിലാണെന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തിന്റെ വികസനത്തിനും ഗവേഷണത്തിനുമായി ഏതെങ്കിലും വിദേശ സ്ഥാപനം സാമ്പത്തിക സഹകരണം നൽകാമെന്ന് സമ്മതിച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ എത്ര തുക ഇതേവരെ ലഭിച്ചു;

(ഡി) ധാരണയനുസരിച്ച് ഇനി എത്ര തുക കൂടി ലഭ്യമാകാനുണ്ട്;

(ഇ) ഈ സ്ഥാപനത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഇതേ വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ജി) ഇനി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ;

(എച്ച്) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി ബഹു. കേരള മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല സമ്മേളനം വിളിച്ചുകൂട്ടുമോ?

ഉത്തരം

(എ) പ്രമേഹരോഗം തടയുന്നതിനുള്ള ബോധവൽക്കരണം നടത്തുക, ചികിൽസിച്ച് ഭേദപ്പെടുത്തുക, ഈ രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുക, രോഗ പ്രതിരോധത്തിനും ചികിൽസയ്ക്കും വേണ്ട ആധുനിക പരിശീലനം നൽകുക എന്നീ മുഖ്യ ലക്ഷ്യങ്ങളോടുകൂടി അമേരിക്കയിലെ മയോ ക്ളിനിക്ക് എന്ന പ്രശസ്ത വൈദ്യശാസ്ത്ര സ്ഥാപനത്തിന്റെ എൻഡോക്രൈനോളജി വിഭാഗത്തിന്റെ സാങ്കേതിക സഹകരണത്തോടുകൂടിയാണ് 1999-ൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനം പുലയനാർകോട്ടയിൽ ആരംഭിച്ചത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഹുനില സമുച്ചയം പണിയുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പുലയനാർകോട്ടയിൽ 18.33 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിറ്റി സെന്റർ പ്രവർത്തിക്കുന്നതിനായി പബ്ളിക് ഹെൽത്ത് ലാബിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലസൗകര്യങ്ങൾ നൽകിയിട്ടുണ്ട്. രോഗികൾക്കായി ലബോറട്ടറി സൗകര്യവും പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിൽനിന്നും 3 ഡോക്ടർമാരുടെയും 1 ലാബ് ടെക്നീഷ്യന്റെയും സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ സർക്കാർ നാളിതുവരെ നൽകിയിട്ടുണ്ട്. ധാരാളം പ്രമേഹരോഗികൾ ഈ സൗകര്യം ഉപയോഗിച്ചുവരുന്നുണ്ട്. സംസ്ഥാന സർക്കാർ ഭൂമി നൽകിയിട്ടുണ്ടെങ്കിലും മതിയായ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) മയോ ക്ലിനിക് എൻഡോക്രൈനോളജി വിഭാഗം സംസ്ഥാന സർക്കാരുമായി 1999-ൽ ഒപ്പിട്ട ധാരണാപത്ര പ്രകാരം നിർമ്മാണത്തിനാവശ്യമായ ധന സഞ്ചയം നടത്തേണ്ടത് ഇതിന്റെ പ്രമോട്ടേഴ്സ് ആണ്. വേൾഡ് ഇൻഡ്യാ ഡയബറ്റീസ് ഫൗണ്ടേഷൻവഴിയാണ് സംഭാവനകൾ സമാഹരിക്കുന്നത്.

(സി) വേൾഡ് ഇൻഡ്യ ഡയബറ്റീസ് ഫൗണ്ടേഷൻവഴി ഇതുവരെ 47 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിച്ചിട്ടുണ്ട്.

(ഡി) നിശ്ചിത തുക ലഭ്യമാക്കുന്ന തരത്തിൽ ധാരണാപത്രത്തിൽ ഒരു വ്യവസ്ഥയും നിലവിലില്ല.

(ഇ) കേരള സർക്കാർ 2000, 2001, 2002 വർഷങ്ങളിൽ 10 ലക്ഷം രൂപാ വീതവും 2005-ൽ 20 ലക്ഷം രൂപയും അങ്ങനെ മൊത്തത്തിൽ 50 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ടിനായി സംസ്ഥാന സർക്കാർ ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ല.

(എഫ്) പ്രമേഹരോഗികളുടെ സൗകര്യങ്ങൾക്കായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സിറ്റി സെന്ററിന്റെ പ്രവർത്തനം പബ്ലിക് ഹെൽത്ത് ലബോറട്ടറി ക്യാമ്പസിൽ 19-4-2004-ന് ലബോറട്ടറി സൗകര്യങ്ങളോടുകൂടി ആരംഭിച്ചു. സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും 3 ഡോക്ടർമാരുടെയും (ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഉൾപ്പെടെ) ഒരു ലാബ് ടെക്നീഷ്യന്റെയും കൂടാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ ഒരു ലബോറട്ടറി ടെക്നീഷ്യൻ, അത്യാവശ്യം വേണ്ട ഓഫീസ് സ്റ്റാഫ് എന്നിവരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ മന്ദിരത്തിന്റെ പ്ലാനിന് കോർപ്പറേഷന്റെയും ഠൗൺ പ്ലാനറുടെയും അനുമതികൾ വാങ്ങിക്കഴിഞ്ഞു. എയർപോർട്ട് അതോറിറ്റിയുടെയും എയർഫോഴ്സിന്റെയും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസമാഹരണത്തിനായി വിവിധ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുവരികയാണ്. അതിലേക്കായി ധനസഹായം ലഭിക്കുന്നതിനുവേണ്ടി പ്രധാനമന്ത്രിക്കും കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിക്കും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരിന് പുറമെ ICMR യൂറോപ്യൻ കമ്മീഷൻ എന്നിവിടങ്ങളിലും പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമായാൽ ഉടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

GPM. 2/256/2012—22

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനാവശ്യമായ ധനസമാഹരണം നടത്താൻവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. ലഭ്യമായ സൗകര്യങ്ങൾ വച്ചുകൊണ്ടുതന്നെ പ്രമേഹരോഗികളുടെ ബന്ധുക്കളിൽ പ്രമേഹരോഗപരിശോധന, ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ, ആഹാര ക്രമീകരണ ഉപദേശങ്ങൾ, കണ്ണുസംബന്ധമായും വൃക്കസംബന്ധമായുമുള്ള കൂടുതൽ പരിശോധനകൾ എന്നിവ ഏപ്രിൽ മാസം മുതൽ ആരംഭിക്കുവാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചുവരുന്നു.

(എച്ച്) പരിഗണിക്കുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വെന്റിലേറ്ററുകളുടെ കുറവ് പരിഹരിക്കാൻ നടപടി

135 [3835] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് നെഫ്റോളജി തുടർ വിദ്യാഭ്യാസ പരിപാടി ഉദ്ഘാടന വേളയിൽ വിഷൻ 2025-ന് അന്തിമ രൂപം നൽകുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിലാണ് പീഡിയാട്രിക് നെഫ്റോളജി വിഭാഗം പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെന്റിലേറ്ററുകളുടെ കുറവ് കാരണം രോഗികൾ മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിന് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് നെഫ്റോളജി ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്.

(സി) വെന്റിലേറ്ററുകളുടെ കുറവ് ഇപ്പോൾ ഇല്ല.

(ഡി) ആവശ്യത്തിനുള്ള വെന്റിലേറ്ററുകൾ തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലും, മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly